LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സർവ്വീസ് പെൻഷൻകാർക്ക് ക്ഷേമ പദ്ധതി സംബന്ധിച്ച്

*16 [284] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസ് പെൻഷൻകാർക്ക് പ്രതിമാസം പെൻഷൻ തുകയിൽ നിന്നും ഒരു നിശ്ചിത തുക പിടിച്ച് ക്ഷേമ പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) 60 വയസ്സ് കഴിഞ്ഞ പെൻഷൻകാർക്ക് മെഡിക്കൽ അവവൻസായി ഇപ്പോൾ പ്രതിമാസം നൽകുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):*

(എ) 2-3-2001-ലെ ജി. ഒ. (പി.) നമ്പർ 454/01/ധന. പ്രകാരം പെൻഷൻകാർക്ക് പ്രതിമാസ പെൻഷൻ തുകയിൽ നിന്നും ഒരു നിശ്ചിത തുക പിടിച്ച് ക്ഷേമ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും ട്രഷറി ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണം പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) 60 വയസ്സ് കഴിഞ്ഞ പെൻഷൻകാർക്ക് മെഡിക്കൽ അവവൻസായി ഇപ്പോൾ പ്രതിമാസം 50 രൂപ നൽകുന്നുണ്ട്.

(സി) പുതിയ ശമ്പള പരിഷ്കരണ കമ്മീഷന്റെ പരിധിയിൽ പെൻഷൻകാരുടെ കാര്യവും പരിഗണിക്കുന്നുണ്ട്. ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം ടി കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചശേഷം പരിഗണിക്കുന്നതാണ്.

സംസ്ഥാനത്തിന്റെ വനാതിർത്തി നിർണ്ണയം

*17 [285] *ശ്രീ. എം. വി. ജയരാജൻ:*
„ *കെ. കെ. ജയചന്ദ്രൻ:*
„ *കെ. പി. സതീശ് ചന്ദ്രൻ:*
„ *മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വനാതിർത്തി നിർണ്ണയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വനാതിർത്തി നിർണ്ണയിക്കുന്നതിനുള്ള സർവ്വേ എന്നാണ് ആരംഭിച്ചത്; ഇത് പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) വനാതിർത്തി നിർണ്ണയിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) വനാതിർത്തികൾ വ്യക്തമായി രേഖപ്പെടുത്താത്തതു കാരണം നടക്കുന്ന വ്യാപകമായുള്ള വനം കയ്യേറ്റവും മരം മുറിച്ചു കടത്തലും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് തടയുന്നതിനായി ഒരു സമയപരിധി നിശ്ചയിച്ച് വന സർവ്വേ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):*

(എ) സംസ്ഥാനത്തിന്റെ വനാതിർത്തി പൂർണ്ണമായി സർവ്വേ ചെയ്ത് ജണ്ട കെട്ടി നിർണ്ണയിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ആകെയുള്ള ഉദ്ദേശം 11760 കി. മീ. വനാതിർത്തിയിൽ 9360 കിലോമീറ്റർ ദൂരം ജണ്ടകളും കയ്യാലകളും നിർമ്മിച്ച് അതിർത്തി നിർണ്ണയിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വനം സർവ്വെ പ്രവർത്തനങ്ങൾ 1974-ൽ ആണ് ആരംഭിച്ചത്. പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) വനാതിർത്തി വ്യക്തമല്ലാത്ത പ്രദേശങ്ങളിൽ വനം, സർവ്വെ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തി അതിർത്തി പുനർ നിർണ്ണയിച്ച് ജണ്ടകളോ കയ്യാലയോ കെട്ടുകയാണ് ചെയ്യുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) വനം സർവ്വെ മൂന്നു വർഷത്തിനകം പൂർത്തിയാക്കത്തക്കവിധം പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.

കെ. എസ്. എഫ്. ഡി. സി.-യുടെ പ്രവർത്തനം

*18 [T 286] *ശ്രീ. മഞ്ഞളാംകുഴി അലി:*

,, *എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. എഫ്. ഡി. സി.-യുടെ നടത്തിപ്പിലോ വികസന പദ്ധതികളിലോ സഹകാര്യമേഖലയെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളിലാണ് സഹകാര്യ പങ്കാളിത്തത്തിന് ശ്രമം നടത്തുന്നത്;

LIBRARY ARCHIVES Kerala Legislative Assembly